'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ചാലക്കുടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ടി. ജെയിംസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയം ഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.2435/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/11/2019

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 27.01.2016 തീയതിയിലെ സി.ടി.പി. (വിജ്) നം.251/14 നമ്പർ കത്ത്.

2 ചാലക്കുടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ടി. ജെയിംസിന് നൽകിയ 20.02.2017 തീയതിയിലെ തസ്വഭവ-ഇ.യു.1/347/2016- തസ്വഭവ നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ.കെ.ടി. ജെയിംസ് സമർപ്പിച്ച 30.06.2017 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 21/02/2019 തീയതിയിലെ വി3-1153/2017 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചാലക്കുടി നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) 19.01.2016-ന് നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ വിപിൻ ചാക്കോ മുതൽ പേരുടെ കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ റോഡ് വികസനം ആവശ്യമില്ല എന്നതും റോഡ് വികസനത്തിന് സ്ഥലം സറണ്ടർ ചെയ്യുന്നതിന്റെ പ്രായോഗിക പരിശോധനാ വിധേയമാക്കാതെ നഗരസഭാ കൗൺസിലും നഗരസഭാ സെക്രട്ടറിയും ഗുരുതരമായ വീഴ്ച വരുത്തി കെട്ടിട നിർമ്മാണാനുമതി നൽകുവാൻ തീരുമാനിച്ചതായി കണ്ടെത്തുകയുണ്ടായി. നിർമ്മാണാനുമതി പ്രകാരം ഗ്രൗണ്ട് ഫ്ലോർ 152.26 ച.മീ ഫസ്റ്റ് ഫ്ലോർ 166.44 ച.മീ കോണിമുറി 8.36 ച.മീ പ്രകാരമാണ്. എന്നാൽ ഒക്കുപ്പൻസി നൽകിയിരിക്കുന്നത് ഗ്രൗണ്ട് ഫ്ലോർ 152.13 ച.മീ ഫസ്റ്റ് കോണി മുറി 8.36 ച.മീ പ്രകാരമാണ്. എന്നാൽ ഫസ്റ്റ് ഫ്ലോറിലെ വരാന്തയുടെ വിസ്തീർണ്ണം കണക്കാക്കാതെ ചട്ടലംഘനത്തോടെ

ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച നടപടി നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ മേൽനോട്ടക്കുറവായി കണ്ട് നഗരസഭാ സെക്രട്ടറി ശ്രീ.കെ.റ്റി.ജയിംസിനെതിരെ 1960 – ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.കെ.റ്റി.ജയിംസ് സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ, ചാലക്കുടി നഗരസഭയിൽ വർഷങ്ങൾക്കു മുമ്പ് പരിഗണനയിലുണ്ടായിരുന്ന മാർക്കറ്റ് ഏരിയ ഡെവലപ്പ്മെന്റ് സ്കീമിൽ, റോഡു വികസനത്തിന് നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥലത്ത് പുതിയ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ പരിഗണനയിൽ വന്നതിനെ തുടർന്നും ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിർദ്ദേശ പ്രകാരം നഗരസഭാ കൗൺസിൽ പരിഗണിച്ച് തീരുമാനിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ വിപിൻ ചാക്കോ മുതൽപേരുടെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാനിടയായിട്ടുള്ളത് എന്നും നിർദ്ദിഷ്ട മാർക്കറ്റ് ഏരിയ ഡെവലപ്പ്മെന്റ് സ്കീമിലുൾപ്പെടുത്തി റോഡു നിർമ്മാണത്തിന്റെ അപ്രായോഗികത സ്ഥലവാസി കൂടിയായ നഗരഭാ ചെയർമാനും കൗൺസിൽ ഒന്നടങ്കവും പരിഗണിച്ചതിന് ശേഷമാണ് അപ്രകാരമൊരു തീരുമാനത്തിലെത്തിയത്. കൗൺസിൽ തീരുമാനത്തിനു വിരുദ്ധമായി പ്രസ്തുത വിഷയത്തിന്മേൽ നിലപാട് സ്വീകരിക്കാനും കോടതി വിധി കൂടി പരിഗണിക്കുമ്പോൾ നഗരസഭാ സെക്രട്ടറി എന്ന നിലയിൽ സാധിക്കുമായിരുന്നില്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീ വിപിൻ ചാക്കോയുടെ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചത് കെ.എം.ബി.ആർ ന് വിധേയമാണെന്ന മുനിസിപ്പൽ എഞ്ചിനീയരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. 2010 മുതൽ നിലവിലുള്ള ഗവൺമെന്റ് സർക്കുലർ പ്രകാരം 750 $m^2$ വരെയുള്ള കെട്ടിട നിർമ്മാണങ്ങൾക്കുള്ള പെർമിറ്റ്/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. അത്തരം ഫയലുകൾ നഗരസഭാ സെക്രട്ടറിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലാത്തതുകൊണ്ട് പ്രസ്തുത സാഹചര്യത്തിൽ ശ്രീ വിപിൻ ചാക്കോയുടെ കെട്ടിടത്തിന് ചട്ടവിരുദ്ധമായി ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ.കെ.ടി ജെയിംസിന്റെ പക്കൽ വീഴ്ച സംഭവിച്ചിട്ടില്ലായെന്നും ടിയാൻ 30.06.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കുറ്റാരോപണത്തിൽ നിന്നും വിടുതൽ നൽകി തുടർനടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും ശ്രീ.കെ.ടി.ജെയിംസ് അപേക്ഷിച്ചിട്ടുണ്ട്.

3. 326.06 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓവർസിയറുടെ ശുപാർശ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പെർമിറ്റ് നൽകുകയും ആയതിന് ശേഷം ശ്രീ

വിപിൻ ചാക്കോ പുതുക്കിയ പ്ലാൻ നഗരസഭയിൽ സമർപ്പിക്കുകയും, പുതുക്കി നൽകിയ പ്ലാനിൽ ഏരിയ കുറവായിരുന്നതിനാലും കെ.എം.ബി.ആർ 99-ന് വിധേയമാണെന്നും ആയതിനാൽ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകാവുന്നതാണെന്നും ഓവർസിയർ 25.09.2013-ൽ പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 27.06.2010-ലെ 36587/ആർ.എ1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് നേരിട്ട് സ്ഥലം പരിശോധിക്കേണ്ട ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണെന്നും സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്തം നേരിട്ട് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻമാർക്ക് മാത്രമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 301 മുതൽ 750 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പെർമിറ്റും ഒക്കുപ്പൻസിയും നൽകേണ്ട ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ആയതിനാൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി. ജെയിംസ് സമർപ്പിച്ച മറുപടി മുഖവിലയ്ക്കെടുക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തു.

4. ചാലക്കുടി നഗരസഭയിൽ ശ്രീ കെ.ടി ജെയിംസ് 28.11.2011 മുതൽ 20.06.2013 വരെയാണ് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. ശ്രീ വിപിൻ ചാക്കോ മുതൽപേരുടെ കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളത് 29.04.2013-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി എസ്.എസ് ഷീജയും ഒക്കുപ്പൻസി അനുവദിച്ച് നൽകിയിട്ടുള്ളത് 16.10.2015-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി സുമ പി സുരേന്ദ്രനുമാണ്. പ്രസ്തുത കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് ശ്രീ കെ.ടി ജെയിംസ് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ആണെങ്കിലും, ഒക്കുപ്പൻസി അനുവദിച്ചത് ശ്രീ കെ.ടി ജെയിംസ് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കരാലയളവിലല്ലാത്തതുമാണ്. 301 മുതൽ 700 ച.മീ വരെയുള്ള വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പെർമിറ്റും ഒക്കുപ്പൻസിയും നൽകേണ്ട ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. കൂടാതെ അപ്രകാരമുള്ള ഫയലുകൾ നഗരസഭാ സെക്രട്ടറിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ലാത്തതുമാണ്. ആയതിനാൽ ശ്രീ വിപിൻ ചാക്കോയുടെ കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ച് കാലയളവിൽ നഗരസഭാ സെക്രട്ടറിയായി ശ്രീ കെ.ടി.ജെയിംസ് സേവനമനുഷ്ഠിച്ചിട്ടില്ലാത്തതിനാലും ടിയാൻ 30.06.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാലും ശ്രീ.കെ.ടി.ജെയിംസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.ടി.ജെയിംസിന്റെ

മറുപടിയുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലും, ടിയാൻ 30.06.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചു എന്ന വസ്തുത പരിഗണിച്ചും, നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ടി ജെയിംസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.കെ.ടി ജെയിംസ് (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ